മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

II പ്രമേയം

കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശയുടെ ഭേദഗതി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്നു രാവിലെ അങ്ങ് വിളിച്ചു ചേർത്ത കക്ഷിനേതാക്കന്മാരുടെ യോഗത്തിലുണ്ടായ ധാരണ അനുസരിച്ചുള്ള ചില നിർദ്ദേശങ്ങൾ, മുൻ രാഷ്ട്രപതിയുടെ നിര്യാണവുമായി ബന്ധപ്പെട്ട് ഇന്നലെ അർദ്ധരാത്രിക്കുശേഷം, ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽ നിന്നുകിട്ടിയ ഒരു കമ്മ്യൂണിക്കേഷനാണ് ഇപ്പോൾ നമ്മുടെ കയ്യിൽ ഉള്ളത്. കൂടുതൽ വിവരങ്ങൾ 10 മണിക്കുശേഷം പ്രതീക്ഷിക്കുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ചിലപ്പോൾ ചില മാറ്റങ്ങൾ വേണ്ടിവന്നേക്കാമെന്നുള്ള ഒരു മുൻകരുതലോടുകൂടി ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുകയാണ് :

കാര്യോപദേശക സമിതിയുടെ 21-ാമത് റിപ്പോർട്ടിലെ ശിപാർശകൾ താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്ത് ജൂലൈ 29, 30 എന്നീ തീയതികളിലെ കാര്യപരിപാടികൾ താഴെപ്പറയുന്ന പ്രകാരം ക്രമീകരിക്കണമെന്ന് ഈ സഭ തീരുമാനിക്കുന്നു :

2015 ജൂലൈ 29

1. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും.

2. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

(i) 2015 -ലെ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബിൽ.

(ii) 2015-ലെ ദി കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ അമെന്റ്മെന്റ് ബിൽ.

LIBRARY ARCHIVES Kerala Legislative Assembly

2015 ജൂലൈ 30

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും :

(i) 2015-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ.

(ii) 2015 -ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ.

(iii) ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ഇന്ന് രാവിലെയുണ്ടായ ധാരണ അനുസരിച്ച് ഇന്നും നാളെയും സബ്മിഷനുകൾ ഒഴിവാക്കിയിട്ടുണ്ട്. സബ്മിഷനുകളുടെ മറുപടി ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം നൽകുന്നതാണ്.

ഓർഡർ.....ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 8.30 -ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.09 -ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly